**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 22.10.2022**

# "ഓപ്പറേഷൻ ഗുണവക്ത" : സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോൾ ഓഫീസുകളിലും ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിലും വിജിലൻസിന്റെ മിന്നൽ പരിശോധന

സംസ്ഥനത്ത് വിറ്റഴിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടത് സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോളർമാരുടെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന അസി. ഡ്രഗ്സ് കൺട്രോളർമാരും ഡ്രഗ്സ് ഇൻസ്പെക്ടർമാരുമാണ്. ചില മരുന്നു കമ്പനികൾ ഇതിൽ ചില ഉദ്യോഗസ്ഥരെ സ്വാധീനിച്ച് ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ സംസ്ഥാനത്തെ മെഡിക്കൽസ്റ്റോറുകൾ വഴിയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും വിറ്റഴിക്കുന്നതായി വിജിലൻസ് ഡയറക്ടർ ശ്രീ മനോജ് എബ്രഹാം ഐ പി എസ് നു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ അവ പരിശോധിക്കുന്നതിനായിട്ടാണ് ഓപ്പറേഷൻ **"ഗുണ വക്ത"** എന്ന പേരിൽ ഇന്നലെ ( 21.10.2022) രാവിലെ 11.00 മണി മുതൽ സംസ്ഥാനത്തെ പതിനാല് അസി. ഡ്രഗ്സ് കൺട്രോളർമാരുടെ ഓഫീസുകളിലും മൂന്ന് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിലും തിരുവനന്തപുരം ഡ്രഗ്സ് കൺട്രോളറുടെ ഓഫീസിലും ഒരേ സമയം മിന്നൽ പരിശോധന നടത്തിയത്.

സംസ്ഥാനത്തെ ഓരോ ഡ്രഗ്സ് ഇൻസ്പെക്ടർമാരും എല്ലാ മാസവും ഏററവും കുറഞ്ഞത് 13 മരുന്നുകളുടെ സാമ്പിൾ എങ്കിലും മെഡിക്കൽ സ്റോറുകളിൽ നിന്നും ശേഖരിച്ച് പരിശോധനക്കായി മരുന്നുപരിശോധന ലാബിലേക്ക് അയക്കേണ്ടാതണെന്നും എല്ലാ സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർമാരും റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർമാരും ഏററവും കുറഞ്ഞത് 7 സാമ്പിളുകൾ വീതവും ഡ്രഗ്സ് ഇന്റലിജൻസ് സ്ക്വാഡ് ചീഫ് ഇൻസ്പെക്ടമാർ പതിനഞ്ച് സാമ്പിളുകളും ഇന്റലിജൻസ് ബ്രാഞ്ച് ഡ്രഗ് ഇൻസ്പെക്ടർമാർ 20 സർവ്വേ സാമ്പിളുകളും ശേഖരിക്കണമെന്നുമാണ് ചട്ടം. കൂടാതെ അപ്രകാരം ഇൻസ്പെക്ടർമാർ ഓരോ ക്വാർട്ടറിലും ശേഖരിക്കുന്ന സാമ്പിളുകളിൽ 30% സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 10% Cosmetics-ഉം ആകണമെന്നതാണ് നിബന്ധനയെങ്കിലും ഇത് ഉദ്യോഗസ്ഥർ പാലിക്കുന്നില്ലായെന്നും രഹസ്യ വിവരം

ലഭിച്ചിട്ടുള്ളതാകുന്നു. കൂടാതെ ചില ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഒരേ മെഡിക്കൽ സ്റ്റോറിൽ നിന്നും ഒരു മാസത്തേക്ക് 13 സാമ്പിളുകളും ഒറ്റ തവണയായി ശേഖരിക്കുന്നതായും വിജിലൻസിന് രഹസ്യ വിവരംലഭിച്ചിട്ടുണ്ട്.

ഇപ്രകാരം ശേഖരിച്ച് പരിശോധനയ്ക്കായി വിവിധ ലാബുകളിലേയ്ക്ക് അയയ്ക്കുന്ന മരുന്നുകൾ പരിശോധനയ്ക്ക് അയക്കുന്നതിലേക്ക് കാലതാമസം വരുത്തുന്നതായും ലാബ് പരിശോധനയിൽ ഗുണനിലവാരം ഇല്ലായെന്ന് തെളിയുന്ന മരുന്നുകളുടെ വിശദവിവരങ്ങൾ ഡ്രഗ്സ് കൺട്രോളറെയും സാമ്പിൾ ഡ്രഗ്സ് ഇൻസ്പെക്ടർമാരെയും രേഖാമൂലം അറിയിക്കുന്നതിൽ കാലതാമസം വരുത്തുന്നതായും ചില ഡ്രഗ്സ് കൺട്രോളർമാരും ഡ്രഗ്സ് ഇൻസ്പെക്ടർമാരും ഗുണനിലവാരമില്ല എന്ന് പരിശോധനാ ഫലം ലഭിച്ച മരുന്നുകൾ മാർക്കറ്റിൽ നിന്നും പിൻവലിക്കാൻ കാലതാമസം വരുത്തുന്നതായും തുടർന്ന് പ്രസ്തുത കമ്പനിയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിൽ അലംഭാവം കാണിക്കുന്നതായും വിജിലൻസിന് രഹസ്യ വിവരം ലഭിച്ചിരുന്നു.

സർക്കാർ ആശുപത്രികളിലേയ്ക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയ മരുന്നുകൾ മാത്രമെ വാങ്ങാവൂ എന്നാണ് ചട്ടം. ഇപ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകുന്നതിന് വേണ്ടി മരുന്ന് കമ്പനികൾ നൽകുന്ന മരുന്നുകൾ പലതും ഉല്പാദനം നടത്തിയ ഉടനെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന നൽകാറില്ല എന്നും വിജിലൻസിന് രഹസ്യവിവരം ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിന് ചുമതലപ്പെട്ടിട്ടുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്ന് കമ്പനികളിൽ നിന്നും കൈക്കൂലി വാങ്ങി ഇവ പരിശോധിച്ച് ഈ കാലതാമസം ഒളിപ്പിച്ചുവച്ച് ഗുണനിലവാരം ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തി നൽകുന്നതായും രഹസ്യ വിവരം ലഭിച്ചിരുന്നു. മേൽ അപാകതകൾ പരിശോധിക്കുന്നതിനാണ് വിജിലൻസ് മിന്നൽ പരിശോധന നടത്തിയത്.

ഇന്നലെ സംസ്ഥാനത്തെ പതിനാല് അസി. ഡ്രഗ്സ് കൺട്രോളർമാരുടെ ഓഫീസുകളിലും മൂന്ന് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിലും തിരുവനന്തപുരം ഡ്രഗ്സ് കൺട്രോളറുടെ ഓഫീസിലും ഒരേ സമയം മിന്നൽ പരിശോധന നടത്തിയത്.രാവിലെ തുടങ്ങിയ പരിശോധന രാത്രിവൈകിയാണ് അവസാനിച്ചത്.

ഇന്നലെ നടന്ന മിന്നൽ പരിശോധനയിൽ കൊല്ലം , കോട്ടയം ഇടുക്കി, തൃശ്ശൂർ എന്നിവിടങ്ങളിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഓരോ ക്വാർട്ടറിലും ശേഖരിക്കുന്ന സാമ്പിളുകളിൽ 30% സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 10% Cosmetics-ഉം ആകണമെന്ന നിബന്ധന പാലിക്കുന്നില്ലായെന്നും കൊല്ലം , ഇടുക്കി എന്നിവിടങ്ങളിൽ ഡ്രഗ്സ് ലൈസൻസ് വിതരണം ചെയ്യുന്നതിൽ

മനപ്പൂർവ്വമായ കാലതാമസം വരുത്തുന്നതായും, കൊല്ലം പത്തനംതിട്ട, എന്നിവിടങ്ങളിലെ ചില ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഓരോ മാസവും എടുക്കേണ്ട 13 സാമ്പിളുകൾ ഒറ്റ ദിവസം ഒരു മെഡിക്കൽസ്റ്റോറിൽ നിന്നും തന്നെ എടുക്കുന്നതായും കൊല്ലം, കോട്ടയം ജില്ലകളിൽ ഗുണനിലവാരം കുറഞ്ഞ മരുന്നു കമ്പനികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തുന്നതായും പത്തനംതിട്ട ജില്ലയിലെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ മരുന്നു കമ്പനികൾ ഹാജരാക്കിയ മരുന്നുകൾ ഉത്പാദനം കഴിഞ്ഞ് രണ്ട് വർഷം വരെ കഴിഞ്ഞതാണെന്നും, കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷനു വേണ്ടിയുള്ള മരുന്നുകൾ ഡ്രഗ് ഇൻസ്പെക്ടർമാർ പരിശോധന നടത്തി ആറുമാസംകഴിഞ്ഞിട്ടും സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യാതെ വച്ച് തമിസിപ്പിച്ചതായും എറണാകുളത്ത് നടത്തിയ മിന്നൽ പരിശോധനയിൽ രജിസ്റ്ററുകളിൽ പരിശോധനക്ക് അയച്ച സാമ്പിളുകളുടെ ലാബ് റിസൾട്ടുകൾ യഥാവിധി രേഖപ്പെടുത്താതെ ലാബ് റിസൽട്ടുകൾ അട്ടിമറിക്കുന്നതായും കണ്ടെത്തിയിട്ടുള്ളതാകുന്നു. കൂടാതെ പാലക്കാട് നടന്ന മിന്നൽ പരിശോധനയിൽ ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും കണക്കിൽ പെടാത്ത 4320/രൂപയും വിജിലൻസ് പിടിച്ചെടുത്തിട്ടുള്ളതാകുന്നു.

ഇന്നലെ നടന്ന മിന്നൽ പരിശോധനയിൽ തുടർച്ചയായി ഓരോ ഡ്രഗ്സ് ഇൻസ്പെക്ടർമാരും ശേഖരിച്ച മരുന്നു സാമ്പിളുകൾ ലാബിലേക്ക് അയക്കുന്നതിനും ഗുണനിലവാരമില്ലായെന്നു ലാബ് പരിശോധനയിൽ കണ്ടെത്തിയ മരുന്നു കമ്പനികൾക്കെതിരെ നടപടികൾ കൂടുതലായി പരിശോധിച്ച് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾക്ക് സർക്കാരിനോട് ശിപാർശ ചെയ്യുമെന്ന് വിജിലൻസ് മേധാവി ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് അറിയിച്ചു. മിന്നൽ പരിശോധനയിൽ കണ്ടെത്തുന്ന മറ്റ് അപാകതകളെപ്പറ്റിയുള്ള വിശദമായ റിപ്പോർട്ട് തുടർ നടപടികൾക്കായി സർക്കാരിന് അയച്ചു കൊടുക്കുന്നതാണെന്നും അദ്ദേഹം അറിയിച്ചിട്ടുണ്ട്.

വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം.ഐ.പി.എസ്-ന്റെ നിർദ്ദേശത്തെ തുടർന്ന് വിജിലൻസ് പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ. എച്ച്. വെങ്കിടേഷ് . ഐ.പി.എസ്, പോലീസ് സൂപ്രണ്ട്(ഇന്റ്) ശ്രീ. ഇ.എസ്, ബിജുമോൻ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (എച്ച്.ക്യൂ) ശ്രീ. സി. വിനോദ് എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും റേഞ്ച് ഓഫീസുകളും പങ്കെടുത്തു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.